ഇതുകൂടാതെ സംസ്ഥാന സർക്കാരിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ എസ്റ്റിമേറ്റിൽ ഒരു പിൽഗ്രിം ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണത്തിനും മസ്ജിദിന്റെ സംരക്ഷണ ജോലികൾക്കായി 13.80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനും ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

നിലവിവുള്ള വനഭൂമി

85 [633] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹെക്ടർ വനഭൂമിയുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) 2001-നുശേഷം സംസ്ഥാനത്ത് എത്ര വനം കയ്യേറ്റങ്ങൾ നടന്നിട്ടുണ്ട് ; വനം കയ്യേറ്റംമൂലം എത്ര ഹെക്ടർ വനഭൂമി നഷ്ടപ്പെട്ടിട്ടുണ്ട് ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) അനധികൃത വനം കയ്യേറ്റം നടത്തിയ എത്ര ഹെക്ടർ വനഭൂമി തിരിച്ചെടുക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട് ;

(ഡി) ഈ കാലയളവിൽ ചന്ദനമരം മോഷണം, മൃഗവേട്ട, വനവിഭവ മോഷണം ഇവ നടത്തിയതിന് ഓരോ വർഷവും എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഇ) ഇതുമായി ബന്ധപ്പെട്ട് എത്ര വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ കേസ് എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) 11,26,452 ഹെക്ടർ വനഭൂമിയുണ്ട്.

(ബി) 2001-നുശേഷം സംസ്ഥാനത്ത് 148 വനം കയ്യേറ്റങ്ങൾ നടന്നിട്ടുണ്ട്. ഇതുമൂലം 344.5 ഹെക്ടർ വനം നഷ്ടപ്പെട്ടിട്ടുണ്ട്. കയ്യേറ്റങ്ങളെ സംബന്ധിച്ചുള്ള കേസുകളുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

വികസന പ്രവർത്തനങ്ങൾക്കായി വിട്ടുകൊടുക്കുന്ന വനഭൂമി

86 [635] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഏക്കർ വനഭൂമി മറ്റാവശ്യങ്ങൾക്കായി ഇതര വകുപ്പുകൾക്ക് വിട്ടുകൊടുത്തെന്ന് വകുപ്പ് തിരിച്ചുള്ള വിവരവും അവയുടെ ആവശ്യവും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വികസന പ്രവർത്തനങ്ങൾക്കായി വനഭൂമി വിട്ടുകൊടുക്കണമെന്ന് ഏതെല്ലാം വകുപ്പുകൾ ആവശ്യം ഉന്നയിച്ചിട്ടുണ്ട് ;

(സി) ചാലിയം ഫിഷ് ലാന്റിംഗ് സെന്ററിനാവശ്യമായ റിസർവ് വനഭൂമി ഫിഷറീസ് വകുപ്പിന് വിട്ടുകൊടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ കാര്യത്തിലെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 154.58 ഹെക്ടർ വനഭൂമി മറ്റാവശ്യങ്ങൾക്കായി ഇതര വകുപ്പുകൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്. ഇതിന്റെ വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) വൈദ്യുതി ബോർഡും പൊതുമരാമത്ത് വകുപ്പും ഇതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) ചാലിയം ഫിഷ് ലാന്റിംഗ് സെന്ററിന് സ്ഥലം നൽകുന്നതിലേക്കായി 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം ശുപാർശകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

വനഭൂമി കയ്യേറ്റം നടത്തുന്നതിനെതിരെ നടപടി

87 [636] ശ്രീ. കെ. സി. ജോസഫ് :
„ ജി. കാർത്തികേയൻ :
„ വർക്കല കഹാർ :
„ കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര ഹെക്ടർ ഭൂമി കയ്യേറ്റം നടന്നിട്ടുണ്ട് ; ഈ കയ്യേറ്റക്കാരെ ഇറക്കിവിട്ടിട്ടുണ്ടോ ;

(ബി) ഈ കയ്യേറ്റക്കാർ കയ്യേറി നശിപ്പിച്ച വനത്തിനുപകരം വനം വച്ചുപിടിപ്പിച്ചിട്ടുണ്ടോ ;

(സി) ശബരിമല വികസത്തിനുവേണ്ടി വനഭൂമി കൊടുക്കുന്നതിന് പകരം വനഭൂമി വച്ചുപിടിപ്പിക്കുന്നതിന് ദേവസ്വം ബോർഡിൽ നിന്നും തുക ഈടാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) മുഴുവൻ സ്ഥലങ്ങളിലും വനം വച്ചുപിടിപ്പിച്ചിട്ടില്ല.

(സി) ഉണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly